പതിനാറാം കേരളനിയമസഭ

ബിൽ നമ്പർ 30

2026-ലെ കേരള നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകൽ (ഭേദഗതി) ബിൽ

©

കേരളനിയമസഭാ സെക്രട്ടേറിയറ്റ്

2026

കേരളനിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനാറാം കേരളനിയമസഭ

ബിൽ നമ്പർ 30

2026-ലെ കേരള നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകൽ (ഭേദഗതി) ബിൽ

1498/2026.

പതിനാറാം കേരളനിയമസഭ

ബിൽ നമ്പർ 30

2026-ലെ കേരള നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകൽ (ഭേദഗതി) ബിൽ

1976-ലെ കേരള നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകൽ ആക്ട്റ്റ്

വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1976-ലെ കേരള നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകൽ ആക്ട്റ്റ് (1976-ലെ 46) ഇതിനു ശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിയേഴാം സംവത്സരത്തിൽ ഇനിപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്ട്റ്റിന് 2026-ലെ കേരള നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകൽ (ഭേദഗതി) ആക്ട്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2026 നവംബർ 1-ാം തീയതി പ്രാബല്യത്തിൽ വരുന്നതാണ്.

2. 2 ബി വകുപ്പിന്റെ ഭേദഗതി.—1976-ലെ കേരള നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകൽ ആക്ട്റ്റിലെ (1976-ലെ 46) (ഇതിനുശേഷം പ്രധാന ആക്ട്റ്റ് എന്നാണ് പരാമർശിക്കപ്പെടുക), 2 ബി വകുപ്പിന്റെ (1)-ാം ഉപവകുപ്പിൽ "എഴുപത്തി അയ്യായിരം രൂപ" എന്ന വാക്കുകൾക്ക് പകരം "ഒരു ലക്ഷത്തി അൻപതിനായിരം രൂപ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

3. പട്ടികയുടെ ഭേദഗതി.—പ്രധാന ആക്ട്റ്റിലെ നിലവിലുള്ള പട്ടികയ്ക്കും ക്ലിപ്ത നിബന്ധനകൾക്കും പകരം താഴെപ്പറയുന്ന പട്ടികയും ക്ലിപ്തനിബന്ധനകളും ചേർക്കേണ്ടതാണ്, അതായത് :—

"പട്ടിക

[2(1)-ാം വകുപ്പ് *കാണുക*]

പെൻഷൻ നിരക്ക്

കാലാവധി	*പ്രതിമാസ പെൻഷൻ നിരക്ക്* (രൂപ)
രണ്ടു വർഷത്തിൽ താഴെയുള്ള ഏത് കാലയളവിലേക്കും	10,000
മൊത്തം രണ്ടു വർഷത്തേക്ക്	10,000
മൊത്തം മൂന്നു വർഷത്തേക്ക്	15,000
മൊത്തം നാല് വർഷത്തേക്ക്	20,000
മൊത്തം അഞ്ച് വർഷത്തേക്ക്	25,000

എന്നാൽ, ഏതെങ്കിലും ആൾ 2-ാം വകുപ്പ്, (1)-ാം ഉപവകുപ്പിൽ പറഞ്ഞിട്ടുള്ള പ്രകാരം അഞ്ചു വർഷത്തിൽ കൂടുതൽ കാലയളവിൽ ഒരംഗമായി സേവനമനുഷ്ഠിച്ചിട്ടുള്ള പക്ഷം അഞ്ചു വർഷത്തിൽ കൂടുതൽ വരുന്ന ഓരോ വർഷത്തേക്കും പ്രതിമാസം ആയിരത്തി അഞ്ഞൂറ് രൂപ അധിക പെൻഷനായി അദ്ദേഹത്തിന് നൽകേണ്ടതാണ് :

എന്നുമാത്രമല്ല, പെൻഷന് അർഹമായ മൊത്തം കാലയളവ് കണക്കാക്കുമ്പോൾ, അർദ്ധവർഷവും അതിന് മുകളിലുമുള്ള കാലയളവും അടുത്ത പൂർണ്ണ വർഷമായി കണക്കാക്കേണ്ടതാണ് :

എന്നുതന്നെയുമല്ല, മുൻ അംഗങ്ങൾക്ക് എഴുപത് വയസ്സ് പൂർത്തിയാകുന്ന മുറയ്ക്ക് പ്രതിമാസം നാലായിരം രൂപയും, എഴുപത് വയസ്സ് പൂർത്തിയാകുന്ന മുറയ്ക്ക് പ്രതിമാസം അയ്യായിരം രൂപയും അധിക പെൻഷനായി നൽകാവുന്നതാണ്:

എന്നുതന്നെയുമല്ല, ഈ ആക്ട് പ്രകാരം ഒരു അംഗത്തിന് അർഹമായ പരമാവധി പെൻഷൻ പ്രതിമാസം മൊത്തം അറുപതിനായിരം രൂപയിൽ കവിയാൻ പാടുള്ളതുമല്ല." .

ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

നിയമസഭയിലെ മുൻ അംഗങ്ങളുടെ പെൻഷൻ അവസാനമായി പരിഷ്കരിച്ചത് 2018-ലെ 9-ാം ആക്ട് പ്രകാരം 2018-ലാണ്. കഴിഞ്ഞ എട്ട് വർഷത്തിനുള്ളിൽ പെട്രോൾ, ഡീസൽ, വൈദ്യുതി ചാർജ്ജുകൾ മുതലായവ ഉൾപ്പെടെ എല്ലാ സാധനങ്ങളുടേയും വില ഗണ്യമായി വർദ്ധിച്ചു. മേൽപ്പറഞ്ഞവ പരിഗണിച്ച്, ബഹുമാനപ്പെട്ട പാർലമെന്ററികാര്യ മന്ത്രി മുൻ നിയമസഭ അംഗങ്ങളുടെ പെൻഷൻ ആനുകൂല്യങ്ങൾ പരിഷ്കരിക്കാൻ ഉത്തരവാകുകയും 1976-ലെ കേരള നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകൽ ആക്ടിന് ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിന് നിർദ്ദേശിക്കുകയും ചെയ്തു. അതിനാൽ സർക്കാർ പെൻഷൻ ആനുകൂല്യങ്ങൾ പുതുക്കുന്നതിനും പ്രസ്തുത ആക്ടിൽ ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിനും തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ ഇത് നടപ്പിലാക്കുന്നതിനായി ഗണ്യമായ ഒരു തുക ആവർത്തക ചെലവായി ഉണ്ടാകുന്നതാണ്. യഥാർത്ഥ ചെലവ്, സർവ്വീസിലെ പൂർത്തിയാക്കിയ വർഷം, പ്രായം, ബാധകമായ പെൻഷൻ, അർഹത എന്നിവ ആശ്രയിച്ച് വ്യത്യാസപ്പെടുന്നതാണ്. അതിനാൽ ഇത് വഴി സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും ഉണ്ടായേക്കാവുന്ന ചെലവ് ഏതെങ്കിലും ന്യായമായ നിലയിൽ കൃത്യതയോടെ ഈ ഘട്ടത്തിൽ കണക്കാക്കുവാൻ സാധിക്കുന്നതല്ല.

സണ്ണി ജോസഫ്

(ശരിത്തർജ്ജമ)

1976-ലെ കേരള നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകൽ ആക്ടിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ (1976-ലെ 46-ാം ആക്ട്)

** ** ** **

2. 2 ബി. മുൻ നിയമസഭാംഗങ്ങൾക്കുള്ള സൗജന്യ യാത്രാ കൂപ്പണുകൾ.—(1) ഇതിലേയ്ക്കായി ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾക്ക് വിധേയമായി 2-ാം വകുപ്പ് (1)-ാം ഉപവകുപ്പിലെ (i)-ാം ഖണ്ഡത്തിലോ (ii)-ാം ഖണ്ഡത്തിലോ (iii)-ാം ഖണ്ഡത്തിലോ പരാമർശിച്ചിട്ടുള്ള പ്രകാരം ഒരംഗമായി സേവനം അനുഷ്ഠിച്ചിട്ടുള്ള ഏതൊരാൾക്കും അങ്ങനെയുള്ള മുൻ അംഗത്തിന്റെ ഇച്ഛാനുസരണം പന്ത്രണ്ട് കലണ്ടർ മാസത്തേക്ക് ആകെ "എഴുപത്തി അയ്യായിരം രൂപ" മൂല്യമുള്ള താഴെപ്പറയുന്ന എല്ലാമോ അല്ലെങ്കിൽ ഏതെങ്കിലുമോ സൗജന്യ യാത്രാ കൂപ്പണുകൾ നൽകാവുന്നതാണ്, അതായത്:—

** ** ** **

പട്ടിക

[2(1)-ാം വകുപ്പ് *കാണുക*]

പെൻഷൻ നിരക്ക്

കാലാവധി	*പ്രതിമാസമുള്ള പെൻഷൻ നിരക്ക്* *(രൂപ)*
രണ്ടു വർഷത്തിൽ താഴെയുള്ള ഏത് കാലയളവിലേക്കും	8000
മൊത്തം രണ്ടു വർഷത്തേക്ക്	8000
മൊത്തം മൂന്നു വർഷത്തേക്ക്	12000
മൊത്തം നാല് വർഷത്തേക്ക്	16000
മൊത്തം അഞ്ച് വർഷത്തേക്ക്	20000

എന്നാൽ, ഏതെങ്കിലും ആൾ 2-ാം വകുപ്പ്, (1)-ാം ഉപവകുപ്പിൽ പറഞ്ഞിട്ടുള്ള പ്രകാരം അഞ്ചു വർഷത്തിൽ കൂടുതൽ കാലയളവിൽ ഒരംഗമായി സേവനമനുഷ്ഠിച്ചിട്ടുള്ള പക്ഷം അഞ്ചു വർഷത്തിൽ കൂടുതൽ വരുന്ന ഓരോ വർഷത്തേക്കും പ്രതിമാസം ആയിരം രൂപ അധിക പെൻഷനായി അദ്ദേഹത്തിന് നൽകേണ്ടതാണ് :

എന്നുമാത്രമല്ല, പെൻഷന് അർഹമായ മൊത്തം കാലയളവ് കണക്കാക്കുമ്പോൾ അർദ്ധവർഷവും അതിന് മുകളിലുമുള്ള കാലയളവും അടുത്ത പൂർണ്ണവർഷമായി കണക്കാക്കേണ്ടതാണ് :

എന്നുതന്നെയുമല്ല, മുൻ അംഗങ്ങൾക്ക് എഴുപത് വയസ്സ് പൂർത്തിയാകുന്ന മുറയ്ക്ക് പ്രതിമാസം മൂവായിരം രൂപയും, എൺപത് വയസ്സ് പൂർത്തിയാകുന്ന മുറയ്ക്ക് മൂവായിരത്തി അഞ്ഞൂറ് രൂപയും അധിക പെൻഷനായി നൽകേണ്ടതാണ് :

എന്നുതന്നെയുമല്ല, ഈ ആക്ട് പ്രകാരം ഒരു അംഗത്തിന് അർഹമായ പരമാവധി പെൻഷൻ പ്രതിമാസം മൊത്തം അൻപതിനായിരം രൂപയിൽ കവിയാൻ പാടുള്ളതല്ല.